**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6737** **11-11-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് സ്വത്തുക്കളുടെ സംരക്ഷണവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.വി.സുമേഷ്** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വഖഫ് സ്വത്തുക്കളുടെ നിയമപരമായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ വഖഫുകളുടെയും നിയന്ത്രണവും മേൽനോട്ടവും വഖഫ് നിയമം സെക്ഷൻ 32 പ്രകാരം വഖഫ് ബോർഡിനാണ്. വഖഫിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രാഥമിക ഉത്തരവാദിത്വം അതത് വഖഫ് മുതവല്ലി/ കമ്മിറ്റിക്കാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം വഖഫ് നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ച് വഖഫ് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വഖഫ് സ്വത്തുക്കൾ അനർഹമായി കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; | (ബി) | കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വെ നടത്തി സർവ്വെ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ വഖഫ് ബോർഡ് അനുമതിയില്ലാതെ നടത്തിയിട്ടുള്ള വില്പന, വസ്തുകൈമാറ്റം, വഖഫ് വസ്തു അന്യാധീനപ്പെടൽ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്കോ, ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ വഖഫ് നിയമം 52, 54 പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വഖഫ് ആക്റ്റ്, സെക്ഷൻ 54 പ്രകാരം അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം |

| | | | |
|---|---|---|---|
| | | | കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ഉത്തരവ് വഖഫ് ട്രൈബ്യൂണൽ പുറപ്പെടുവിക്കേണ്ടതാണ്. |
| (സി) | വഖഫ് ബോർഡിന് കീഴിലുള്ള ജമാഅത്തുകളും പള്ളികളും സംരക്ഷിക്കുന്നതിനും സർവ്വേ, രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമതയോടെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾക്കായി സംസ്ഥാന വ്യാപകമായി വഖഫ് രജിസ്ട്രേഷൻ അദാലത്തുകൾ നടത്തി വരുന്നു. |
| (ഡി) | വഖഫ് ബോർഡിലേയ്ക്കുള്ള ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴിയാക്കുന്നതിലൂടെ ബോർഡിൽ അമുസ്ലീം വിഭാഗങ്ങൾക്ക് അവസരമൊരുക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. സർക്കാർ അവതരിപ്പിച്ച ബില്ലിൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് PSC യെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ആയതിനാൽ അമുസ്ലീം വിഭാഗങ്ങൾക്ക് അവസരമൊരുക്കുകയാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ